# ചെകുത്താനെ കുടിയിരുത്തും മുമ്പ്

എ.ലത

> കഴിഞ്ഞ ലക്കത്തിലെ ഇൻസിനേറ്റർ – ആശുപത്രികളിൽ ഒരു ചെകുത്താനും കൂടി എന്ന ലേഖനത്തിന് ഒരു അനുബന്ധമായി ഈ ലേഖനം വായിക്കുക.

ദിനംപ്രതി വളർത്തുന്ന മാലിന്യ കൂമ്പാരത്തിനു മുന്നിൽ വീർപ്പുമുട്ടി നിൽക്കുന്ന കേരളീയർ മാലിന്യ നിവാരണത്തിന് ഇൻസിനറേറ്റർ എന്ന ഒറ്റമൂലി സ്വീകരിക്കാൻ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു.

ഇൻസിനറേറ്റർ എന്ന മാലിന്യ നിർമാർജന സാങ്കേതികവിദ്യ എത്രമാത്രം കാലഹരണപ്പെട്ടതാണെന്നും അതാദ്യം നടപ്പിലാക്കി തുടങ്ങിയ വിദേശ രാജ്യങ്ങളിലെ ഇൻസിനറേറ്ററുകൾ എത്രമാത്രം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും അവിടത്തെ നാട്ടുകാർ അതിനോട് എങ്ങനെ പ്രതികരിക്കുന്നുവെന്നും നമ്മൾ ആദ്യം അന്വേഷിക്കേണ്ടിയിരിക്കുന്നു.

വിവിധതരം മാലിന്യങ്ങൾ (കടലാസ്, ഇല, തുണി, പഞ്ഞി, മനുഷ്യ മൃഗ അവശിഷ്ടങ്ങൾ പോലുള്ള ജൈവവളങ്ങൾ മുതൽ പി.വി.സി., സിറിഞ്ച്, സൂചി, കുപ്പി, ബാറ്ററി, പ്ലാസ്റ്റിക് പോലുള്ളവ) ഒരുമിച്ച്, വളരെയുയർന്ന താപനിലയിൽ കത്തിച്ചു ചാമ്പലാകുമ്പോൾ പുറന്തള്ളുന്ന വിഷപ്പുകയിൽ ഡയോക്സിൻ, ഫ്യൂറാൻ പോലുള്ള കാൻസർ മുതൽ ജനിതക വൈകല്യങ്ങൾ വരെ സൃഷ്ടിക്കുന്ന രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നത് നാം അറിയുന്നില്ല എന്നുണ്ടോ? ചാരത്തിൽ അടങ്ങിയ വിഷാംശങ്ങൾ ജലത്തിലും ഭൂമിയിലും മണ്ണിലും മറ്റും മാലിന്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അവസ്ഥ കണ്ടില്ല എന്നു നടിക്കുന്നുണ്ടോ? ഈ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ ഒരിടത്തും ചർച്ചാവിഷയമാകുന്നില്ല. മാലിന്യ നിർമാർജനം സൃഷ്ടിക്കുന്ന ഇത്തരം പുതിയ മാലിന്യങ്ങൾ പൊതുജന ആരോഗ്യത്തെ നാം ആശ്രയിക്കുന്ന മണ്ണിനെ ജലത്തിനെ വായുവിനെ എങ്ങനെ ബാധിക്കുന്നുവെന്ന് ചിന്തിക്കേണ്ടതില്ലേ?

ഇത്തരം എളുപ്പവഴികൾ (പ്രത്യക്ഷത്തിൽ) ഇറക്കുമതി ചെയ്തു കണ്ണടച്ച് സ്വീകരിക്കുന്നതിനുമുമ്പ് ചില കാര്യങ്ങൾ ആലോചിക്കേണ്ടിയിരിക്കുന്നു.

1. മാലിന്യങ്ങളെ തിരിച്ചറിയുക- ആശുപത്രികളിൽ, പട്ടണങ്ങളിൽ, ഒരു ദിവസം സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ എതൊക്കെ തരത്തിലുള്ളതാണെന്ന് ബന്ധപ്പെട്ട മാലിന്യ നിവാരണ അധികാരികൾക്കും പൊതുജനത്തിനും വ്യക്തമായ ധാരണയുണ്ടാകണം.
2. മാലിന്യങ്ങളെ വേർതിരിച്ച് മാലിന്യം കുറയ്ക്കുക- ജൈവവിഘടനം നടക്കുന്നതും പുനരുപയോഗം ചെയ്യാവുന്നതും ഒട്ടും പുനരുപയോഗം ചെയ്യാൻ സാധിക്കാത്തതും ക്ലോറിൻ അടങ്ങുന്ന പ്ലാസ്റ്റിക്കുകളും വസ്തുക്കളും രോഗം സംക്രമിപ്പിക്കുന്നതും എന്നിങ്ങനെ മാലിന്യങ്ങളെ വേർതിരിച്ച് വച്ചു നശിപ്പിക്കാൻ കൊണ്ടുപോകുമ്പോൾ ഇൻസിനറേറ്റ് ചെയ്യേണ്ട മാലിന്യങ്ങളുടെ അളവ് വളരെയധികം കുറയുന്നു.
3. രോഗങ്ങൾ പരത്താവുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പ്രത്യേക നിർമാർജന മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാകുന്നു. ഇൻസിനറേഷൻ ഒട്ടും അനുയോജ്യമല്ല.
4. മാലിന്യ സംസ്കരണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രത്യേക പരിശീലനം ബന്ധപ്പെട്ട വർക്ക്/തൊഴിലാളികൾക്ക് നല്കാവുന്നതാണ്. അവരുടെ സുരക്ഷ ഉറപ്പ് വരുത്തേണ്ട ചുമതല സമൂഹത്തിനുണ്ട്.
5. പുനരുപയോഗത്തിനും പുനർ സംസ്കരണത്തിനും ഊന്നൽ കൊടുത്ത് മാലിന്യത്തിന്റെ അളവ് കുറയ്ക്കുക.
6. ജൈവവിഘടനം സംഭവിക്കുന്ന മാലിന്യങ്ങൾ അതതു സ്ഥലങ്ങളിൽ കമ്പോസ്റ്റിംഗിന് വിധേയമാക്കാവുന്നതാണ്.
7. ആശുപത്രികളിലെ എല്ലാ വകുപ്പിലെ ജീവനക്കാരുമായി ആലോചിച്ച് മാലിന്യ സംസ്കരണത്തിനുള്ള തീരുമാനങ്ങളെടുത്താൽ കുറച്ചുകൂടി കാര്യക്ഷമത കൈവരിക്കാം.
8. മാലിന്യ നിവാരണം/ സംസ്കരണം ഇവ, സമൂഹത്തിന്റെ മൊത്തമായ പ്രശ്നമായി കണ്ടുകൊണ്ട് തന്നെ, ആശുപത്രി/ ഇൻസിനറേറ്റർ പരിസരങ്ങളിൽ ജീവിക്കുന്ന ഗ്രാമവാസികളുടെ /നഗരവാസികളുടെ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി പ്രശ്നത്തെ സമീപിക്കുക. നാട്ടുകാരുടെ സഹകരണത്തോടുകൂടി നടപ്പിലാക്കാത്ത ഒരു പ്രവൃത്തിയും ദീർഘകാലം നിലനിൽക്കില്ല.
9. ഏതൊരു ആശുപത്രിയും / മുനിസിപ്പാലിറ്റിയും യുക്തമായ ഒരു പവർ / മാലിന്യ നിർമാർജന പദ്ധതി തയ്യാറാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.
10. എല്ലാറ്റിനുമുപരി മാലിന്യങ്ങൾ കുറയ്ക്കുക എന്ന ദീർഘവീക്ഷണത്തോടുകൂടി പ്രവൃത്തി, തത്വത്തിൽ അല്ലാതെ, പ്രായോഗികതലത്തിൽ നടപ്പിലാക്കുക. പ്രശ്നം സങ്കീർണമെങ്കിലും ഉത്തരം എളുപ്പമാണ്. ചുറ്റും മാലിന്യങ്ങൾ കുന്നുകൂടുമ്പോൾ സമ്പൂർണ ആരോഗ്യം, സമ്പൂർണ ശുചിത്വം എന്ന പൊള്ളയായ ലക്ഷ്യത്തിനു കഴമ്പില്ലാതാകുന്നു. ഓരോ വ്യക്തിക്കും കുടുംബവും സാമൂഹ്യസ്ഥാപനവും ദൈനംദിന ജീവിതത്തിൽ, പ്രവൃത്തിയിൽ, എത്രതരം മാലിന്യങ്ങൾക്കു സ്വയം വഴിയൊരുക്കുന്നുവെന്നു പരിശോധിച്ചാൽ തന്നെ പുനർ ചിന്തനം തുടങ്ങിവയ്ക്കാം.

മാലിന്യം കുറയ്ക്കുക- പുനർ സംസ്കരണം നടത്തുക- പുനരുപയോഗം നടത്തുക- എന്നിട്ട് നിർമാർജനത്തിലേക്ക് നീങ്ങുക എന്നതാകാം പ്രായോഗികത. എല്ലാം വിഴുങ്ങി വിഷം സമ്മാനിക്കുന്ന ഇൻസിനറേറ്റർ മാത്രമല്ല പ്രായോഗികത.

## ഇൻസിനറേറ്റർ മാത്രമാണോ ഉത്തരം?

1998, ജൂലൈ 27ന് ഭാരതസർക്കാർ പുറത്തിറക്കിയ അസാധാരണ ഗസറ്റിൽ വർദ്ധിച്ചുവരുന്ന ബയോ-മെഡിക്കൽ മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിനുവേണ്ടി 30 ലക്ഷത്തിൽപരം ജനസംഖ്യയുള്ള നഗരങ്ങളിൽ സ്ഥിതിചെയ്യുന്ന ആശുപത്രികളിൽ വരെ ഇൻസിനറേറ്റർ അഥവാ അത്തരത്തിലുള്ള മാലിന്യ നിവാരണ മാർഗ്ഗങ്ങൾ അവലംബിക്കാനുള്ള നിയമങ്ങളും നടപടിക്രമങ്ങളും ചേർത്തിരിക്കുന്നു. ഗസറ്റിൽ ആശുപത്രി മാലിന്യങ്ങൾ എത്ര സൂക്ഷിച്ചു കൈകാര്യം ചെയ്യണമെന്നും ഏതൊക്കെ മാലിന്യങ്ങൾ എന്തൊക്കെ തരത്തിൽ സംസ്കരിക്കണമെന്നും വിശദമായിഎഴുതിയിരിക്കുന്നു.

ക്ലോറിൻ അടങ്ങുന്ന മാരകവിഷമുള്ള (പി.വി.സി.) പ്ലാസ്റ്റിക്കുകൾ ഒരു കാരണവശാലും ഇൻസിനറേറ്ററിൽ കത്തിക്കരുതെന്നും പ്രത്യേകമായി എടുത്തെഴുതിയിട്ടുണ്ട്. ആശുപത്രികളിൽ ഒരു തവണ മാത്രം ഉപയോഗിച്ചു തള്ളുന്ന സൂചി, സിറിഞ്ച് മുതൽ കാലാവധി കഴിഞ്ഞ, കേടുവന്ന മരുന്നുകൾ പോലുള്ള മാലിന്യങ്ങൾ "സുരക്ഷിതമായ സ്ഥാനങ്ങളിൽ" ആർക്ക് സുരക്ഷ? അഥവാ ആട്ടോക്ലേവിംഗ് /മൈക്രോവേവ് / ഷ്രെഡിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് മലിനവിമുക്തമാക്കാമെന്നും എഴുതിയിരിക്കുന്നു. അതായത് ഇൻസിനറേഷൻ മാത്രമല്ല നിവാരണ മാർഗം എന്നർത്ഥം.